കോഴിക്കോട് മെഡിക്കൽ കോളേജിലെ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് നടപടി

142 (1611) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അവ എന്താണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി നടപ്പിലാക്കാനായി ഏതെങ്കിലും സ്വകാര്യ വ്യക്തികളോ, സ്ഥാപനമോ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് പൂർണ്ണ വിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ)&(ബി) ഉണ്ട്. 14 ലക്ഷം രൂപ ചെലവാക്കി ഒരു പുതിയ ഇൻസിനറേറ്റർ വാങ്ങി. ഈ യന്ത്രം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഉടനെ തന്നെ കമ്മീഷൻ ചെയ്യുന്നതാണ്.

(സി) ഐ.സി.ഐ.സി.ഐ. (കിൻഫ്രാ) എന്ന സ്ഥാപനം പൊല്യൂഷൻ കൺട്രോൾ ബോർഡുമായി സഹകരിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോട്ടു വന്നിട്ടുണ്ട്.

(ഡി) മാലിന്യ സംസ്ക്കരണത്തിനായി ഒരു ബൃഹത്തായ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനു വേണ്ടി മൂന്ന് സെന്ററുകൾ കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ (നൂറനാട്), തൃശൂർ (കൊരട്ടി), കണ്ണൂരിൽ പരിയാരം എന്നിവയാണ് ഈ സെന്ററുകൾ. കൂടാതെ എല്ലാ ജില്ലകളിലും മാലിന്യങ്ങൾ സംഭരിച്ചു വയ്ക്കുന്നതിനുള്ള സ്ഥലങ്ങളും കണ്ടെത്തിയിട്ടുണ്ട്. മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് അഞ്ച് മുതൽ ആറ് ഏക്കർ വരെയുള്ള സ്ഥലമാണ് വേണ്ടി വരുന്നത്. ഇത്രയും സ്ഥലം ഈ മൂന്ന് സെന്ററുകളിലും കണ്ടെത്തുന്നതിന് അതാത് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് പൊല്യൂഷൻ കൺട്രോൾ ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിനകത്ത് സ്വകാര്യ വ്യക്തികൾ നടത്തുന്ന മെഡിക്കൽ ഷോപ്പ്

143 (1612) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിനകത്ത് ഏതെങ്കിലും സ്വകാര്യ വ്യക്തികൾ മെഡിക്കൽ ഷോപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ആരാണ് ഈ ഷോപ്പിന് അനുമതി നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly